നം.കെ.എസ്.എ-കെ.ടി.എം.പി.14/1819/2018 തീയതി :15.10.2018

# കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.09.18 മുതൽ 30.06.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് ,31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. ഷൈജു , ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| നടരാജൻ പി.ബി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | ഓഡിറ്റിന് വിനിയോഗിച്ച സമയം<br>14.09.2018 മുതൽ 26.09.2018 വരെ |
| സുമേഷ് പി.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | |
| രഞ്ജിത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ | |
| ബാബുരാജ് കെ.ബി., ഓഡിറ്റർ(ഹ.ഗ്രേ) | |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.ഷീബാമോൾ ജോസഫ് | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീമതി ഷേർളി ജോൺ<br>ശ്രീമതി എൽസമ്മ ജോസഫ് | 01.4.17 മുതൽ 07.08.17 വരെ<br>07.08.17 എ.എൻ.മുതൽ 31.03.2018വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജെയിംസ് ജോർജ് | 1.4.17 മുതൽ 31.3.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി നിഷാ മാമൻ<br>ശ്രീമതി അശ്വതി വിജയൻ | 01.04.17 മുതൽ 26.09.17 വരെ<br>27.09.17 മുതൽ തുടരുന്നു |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അനിയൻ | 01.04.17 മുതൽ 09.11.17 വരെ |

| | | |
|---|---|---|
| | ശ്രീ.ഷിഹാബുദ്ദീൻ റ്റി.എ | 10.11.2017 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.റിയാസ് .എം.എ | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ. | ശ്രു.അനിൽകുമാർ കെ.എൻ.<br>ശ്രീ.സാം ജോസ് | 01.4.17മുതൽ 13.08.17വരെ<br>14.08.18 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അന്ന കെ.ഒ.<br>ശ്രീമതി എൽസി ടോം | 01.4.17 മുതൽ 19.9.17 വരെ<br>20.9.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസിർ,സി.എച്ച്.സി | ഡോ.വി.എൻ. സുകുമാരൻ | 01.4.17മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബീനാ ജി.നായർ | 01.4.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ.സാജു സാം | 01.4.17 മുതൽ 31.3.18 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |

| | |
|---|---|
| 1-13 | ഗ്രാമപഞ്ചായത്തിന്റെ മികവ് ഒറ്റനോട്ടത്തിൽ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല |
| 2-2 | കെട്ടിട നിർമ്മാണാനുമതി – രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ |
| 2-3 | അപ്പാർട്ട്മെന്റുകളുടെ വസ്തു നികുതി – ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിക്കണം |
| 2-4 | ഇൻഡസ് മൊബൈൽ ടവർ നിർമ്മാണം – ക്രമവത്ക്കരണം, നികുതി നിർണ്ണയം എന്നിവ സംബന്ധിച്ച് |
| 2-5 | ഡി & ഒ ലൈസൻസ് – എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല |
| 2-6 | കള്ളുഷാപ്പുകൾ കാലങ്ങളായി അനധികൃതമായി പ്രവർത്തിക്കുന്നു |
| 2-7 | കളക്ഷൻ തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | മരാമത്ത് പ്രവൃത്തികൾ – ഫയൽ സൂക്ഷിപ്പിൽ അപാകത |
| 3-2 | ബാരൽ വില ഈടാക്കിയില്ല |
| 3-3 | വടക്കുമേട് കുടിവെള്ള പദ്ധതി – സ്ഥലം പഞ്ചായത്തിന്റെ പേരിൽ കൂട്ടി പോക്ക് വരവ് നടത്താൻ നടപടികൾ സ്വീകരിക്കണം |
| 3-4 | വക്കീൽ ഫീസ് നൽകൽ – കേസിന്റെ തുടർനടപടികൾ വീക്ഷിക്കുന്നില്ല |
| 3-5 | പാലിയേറ്റീവ് പരിപാലനപദ്ധതി – മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല |
| 3-6 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല |
| 3-7 | അഡ്വാൻസ് നൽകിയത് തിരികെ ലഭ്യമായിട്ടില്ല |
| 3-8 | വൗച്ചറുകൾ ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| 3-9 | ആശുപത്രി മാനേജിംഗ് കമ്മിറ്റി ഫണ്ടുകളുടെ ഓഡിറ്റ് |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

21.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 30.05.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 <u>വാർഷിക ധനകാര്യപത്രിക</u>

2017-18 വാർഷിക ധനകാര്യപത്രിക 16.6.18ൽ ലഭിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018-21.06.2018 | ഓഡിറ്റ് റിപ്പോർട്ടിന്റെ അതേ നമ്പരിലും തീയതിയിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2684093 |
| വരവ് | 41950881 |
| ആകെ | 44634974 |
| ചെലവ് | 38301205 |
| നീക്കിയിരിപ്പ് | 6333769 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6758980 | 6758980 | 6717639 | 41311 | 99.38 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 976723 | 976723 | 864232 | 112491 | 88.48 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 8690468 | 8690468 | 7929746 | 760722 | 91.24 |
| മെയിന്റനൻസ്, റോഡ് | 0 | 5780000 | 5780000 | 5561573 | 218427 | 96.22 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2591000 | 2591000 | 2591000 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 317413 | 317413 | 2749244 | 425469 | 86.5 |
| പെർഫോമൻസ് ഗ്രാന്റ് സെൻട്രൽ | 0 | 423776 | 423776 | 423776 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് സ്റ്റേറ്റ് | 0 | 421287 | 421287 | 387704 | 33583 | 92.02 |
| ട്രഷറി ഓൺ ഫണ്ട് VPFA I.11 | 992 | 0 | 0 | 0 | 992 | 0 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 362855 | 5111254 | 5474109 | 5182979 | 291130 | 94.3 |
| എസ്.സി.ബി. ലിറ്ററസി | 2130 | 85 | 2215 | 0 | 2215 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. (ക്യാഷ്ബുക്ക് പ്രകാരം) | 4853 | 6065958 | 6070811 | 6062197 | 8614 | 99.8 |
| എസ്.ബി.റ്റി.മേലുകാവ്മറ്റം | 2139091 | 5945166 | 8084257 | 2928139 | 5163471 | 36.2 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 131 | 33323115 | 111 | 27224914 | 8 | 10 |

മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാരം നം /തിയതി- 490/17/08/09/2018

ആകെ അടങ്കൽ -33323115

പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതി നിർവ്വഹണം പൊതുവെ തൃപ്തികരമാണ്.

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

| ക്രമ നം | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയ പദ്ധതികൾ | ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| 1 | ഉൽപ്പാദനം | 25 | 24 | 96 | 6388480 | 3378023 | 52.87 |
| 2 | സേവനം | 53 | 49 | 92.45 | 16738678 | 14717197 | 87.9 |
| 3 | പശ്ചാത്തലം | 53 | 48 | 90.56 | 10195957 | 91296942 | 89.5 |
|  | ആകെ | 131 | 121 | 92.36 | 33323115 | 27224914 | 81.69 |

ആകെ പദ്ധതികളിൽ 92.36% നടപ്പിലാക്കിയത് ശ്ലാഘനീയമാണ്. പദ്ധതിയുടെ എണ്ണത്തിന് ആനുപാതികമായി ചെലവു ശതമാനം ഉയർന്നില്ല. എന്നാൽ ഇത് മുൻ വർഷത്തെ അപേക്ഷിച്ച് വളരെ ഉയർന്നതാണ്.

ഫണ്ട് അടിസ്ഥാനത്തിലുള്ള വകയിരുത്തലും ചെലവു ശതമാനവും

| ക്രമ നം | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 6874000 | 6717639 | 97.72 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 1007000 | 864232 | 85.82 |
| 3 | വികസനഫണ്ട് (റ്റി.എസ്.പി) | 9163500 | 7929746 | 86.53 |
| 4 | കേന്ദ്ര ഫിനാൻസ് | 3799855 | 2749244 | 72.35 |
| 5 | ലോക ബാങ്ക് ധന സഹായം | 814943 | 811480 | 99.57 |
| 6 | തനത് ഫണ്ട് | 55505 | 0 | 0 |
| 7 | കേന്ദ്രാവിഷ്കൃതം | 306000 | 0 | 0 |

| | | | | |
|---|---|---|---|---|
| 8 | ബ്ലോക്ക് വിഹിതം | 200000 | 0 | 0 |
| 9 | ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| 10 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 5780000 | 5561573 | 96.22 |
| 11 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 2774112 | 2591000 | 93.39 |
| 12 | മറ്റുള്ളവ | 2548200 | 0 | 0 |
| | ആകെ | 33323115 | 27224914 | 81.69 |

വികസനഫണ്ട് ഗണ്യമായ ശതമാനം ചെലവുവരുന്നത് ശ്രദ്ധേയമാണ്.

<u>നിർവ്വഹണ ഉദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

അംഗീകാരം ലഭിച്ച 131 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 10 നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 100 | 675900 | 343100 | 50.76 |
| 2 | വെറ്റിനറി സർജൻ | 13 | 13 | 100 | 4743745 | 2353240 | 49.61 |
| 3 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 100 | 475000 | 475000 | 100 |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 89 | 2308950 | 1993700 | 86.35 |
| 5 | സെക്രട്ടറി | 17 | 15 | 88 | 2377346 | 2066382 | 86.92 |
| 6 | അസി.എഞ്ചിനീയർ | 54 | 51 | 94 | 13214755 | 11906942 | 90.10 |
| 7 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 100 | 608580 | 408575 | 67.14 |
| 8 | വി.ഇ.ഒ | 19 | 15 | 78.9 | 7188189 | 6238295 | 86.79 |
| 9 | ഹെഡ് മാസ്റ്റർ | 6 | 6 | 100 | 1380650 | 1093942 | 79.23 |
| 10 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 1 | 1 | 100 | 350000 | 345738 | 98.78 |
| | ആകെ | 131 | 121 | | 33323115 | 27224914 | |

കൃഷി ഓഫീസർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ ഹോമിയോ, ഡയറി ഫാം ഇൻസ്ട്രക്ടർ, ഹെഡ്മാസ്റ്റർ എന്നിവർ മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കിയെന്നത് ശ്രദ്ധേയമാണ്.

<u>മെച്ചപ്പെട്ട പദ്ധതികൾ</u>

1.വിവിധ അങ്കണവാടികൾക്ക് ഭൗതീക സൗകര്യം ഒരുക്കൽ

2.സിറ്റിസൺക്ലബ് ഭൗതീക സാഹചര്യം ഒരുക്കൽ

3.ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ

4.പഞ്ചായത്ത് ഓഫീസ് നവീകരണം

5.തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനം

പദ്ധതി ആസൂത്രണം

വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ 20.01.17 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 25.01.17 മുതൽ 28.01.17 വരെ തീയതികളിലും വികസനസെമിനാർ 11.02.17 തീയതിയിലും കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. പഞ്ചായത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | മേഖല | ആകെ അംഗങ്ങളുടെ എണ്ണം | കൂടിയ തീയതി/ക്വാറം | റിമാർക്സ് |
|---|---|---|---|---|
| ധനകാര്യം | കണക്കുകളും രേഖകളും തയ്യാറാക്കൽ | 18 | 8.5.17(5)<br>29.1.18(6) | ആദ്യയോഗത്തിന്റെ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. 18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് രണ്ടാമത്തെ കമ്മറ്റിയിൽ |
| | പ്രാദേശിക സാമ്പത്തിക വികസനം | 18 | 8.5.17(2)<br>29.1.18(1) | തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| വികസനം | മൃഗസംരക്ഷണം | 15 | 8.5.17(8)<br>20.7.17(7)<br>29.1.18(3) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ,18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ. രണ്ടാമത്തെ കമ്മറ്റിയിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. |
| | പൊതുമരാമത്ത്,ഊർജ്ജം വൈദ്യുതി | 18 | 8.5.17(3)<br>29.1.18(4) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ.രണ്ടാമത്തെ |

| | | | | |
|---|---|---|---|---|
| | | | | കമ്മറ്റിയിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. |
| | ദാരിദ്ര്യലഘൂകരണം | 18 | 8.5.17(2)<br>20.7.17(7)<br>29.1.18(3) | ആദ്യകമ്മറ്റിയിലും രണ്ടാമത്തെ കമ്മറ്റിയിലും തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. 18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ |
| | സാമൂഹ്യക്ഷേമം | 23 | 8.5.17(4)<br>20.7.17(16)<br>29.1.18(12) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ,18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ. രണ്ടാമത്തെ കമ്മറ്റിയിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. |
| ക്ഷേമകാര്യം | പട്ടികവർഗ്ഗ വികസനം | 16 | 8.5.17(8)<br>20.7.17(6)<br>29.1.18(3) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ,18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ. രണ്ടാമത്തെ കമ്മറ്റിയിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. |
| | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 19 | 8.5.17(6)<br>29.1.18(11) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ.18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് രണ്ടാമത്തെ കമ്മറ്റിയിൽ |
| | പട്ടികജാതി വികസനം | 18 | 8.5.17(4)<br>20.7.17(9) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ.തുടർന്ന് തീരുമാനങ്ങളില്ല.നാളിതുവരെ പിന്നീട് കമ്മറ്റി കൂടിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| ആരോഗ്യവും വിദ്യാഭ്യാസവും | ആരോഗ്യം | 15 | 8.5.17(7)<br>29.1.18(3) | ആദ്യകമ്മറ്റിയിൽ തീരുമാനമില്ല. 18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ |
| | കുടിവെള്ളം, ശുചിത്വം | 17 | 8.5.17(6)<br>20.7.17(5)<br>29.1.18(7) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ,18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ. രണ്ടാമത്തെ കമ്മറ്റിയിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർദ്ദേശങ്ങളാണ് |
| | വിദ്യാഭ്യാസം സാംസ്കാരികം | 15 | 8.5.17(7)<br>20.7.17(7)<br>29.1.18(5) | ആദ്യകമ്മറ്റിയിൽ17-18 ലെ പുതുക്കിയ പദ്ധതികളുടെ നിർദ്ദേശങ്ങൾ,18-19 പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളാണ് മൂന്നാമത്തെ കമ്മറ്റിയിൽ. രണ്ടാമത്തെ കമ്മറ്റിയിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. |

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവ പങ്കാളിത്തം വഹിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ മിക്ക യോഗങ്ങളിലും കൺവീനറായ നിർവ്വഹണോദ്യോഗസ്ഥർ പങ്കെടുക്കുന്നില്ല.പല കമ്മറ്റികളിലും ക്വാറം തികയുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4853 | 551061 | 555914 | 547300 | 8614 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 5514897 | 5514897 | 5514897 | 0 |
| ആകെ | 4853 | 6065958 | 6070811 | 6062197 | 8614 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 12 | 7200 |
| കർഷകതൊഴിലാളി പെൻഷൻ | 534 | 1574600 |
| വിധവാപെൻഷൻ | 2610 | 2559600 |
| വാർദ്ധക്യകാലപെൻഷൻ | 2610 | 8876400 |
| വികലാംഗപെൻഷൻ | 359 | 1125700 |
| അവിവാഹിത പെൻഷൻ | 845 | 391400 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.18 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14933 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നിലവിലുള്ള ഓഫീസ് ഉത്തരവ് കൂടാതെ 25 പുതിയ ഉത്തരവുകളിലൂടെയാണ് തൻവർഷം പഞ്ചായത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകൾ സമഗ്രമാണെങ്കിലും പാളിച്ചകൾ നിലനിൽക്കുന്നു. സെക്ഷനുകൾ നിർവ്വഹിക്കുന്ന ചുമതലകൾ മധ്യവർത്തികളായ ഓഫീസർമാർ പരിശോധിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായേക്കാവുന്ന സാഹചര്യം സംജാതമാകുന്നു.

ഉദാ-പഞ്ചായത്ത് വക ജീപ്പിന് ഡീസൽ അടിക്കുന്നതിന് സെക്ഷൻക്ലർക്ക് നിർദ്ദേശം നൽകുന്ന വിവരം അക്കൗണ്ടന്റ്, എച്ച്.സി എന്നിവർ അറിയുന്നില്ല. അതുപോലെതന്നെ ചെലവ് വൗച്ചറുകൾ വിവിധ തട്ടുകളിൽ പരിശോധിക്കപ്പെട്ട് പ്രസിഡന്റ് അധികൃതമാക്കുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം ചർച്ച ചെയ്യുകയോ ഓഡിറ്റ് റിപ്പോർട്ടിന് പരിഹാരം നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. കെട്ടിട നികുതിയിനത്തിൽ 88% പിരിച്ചെടുക്കാൻ കഴിഞ്ഞു എങ്കിലും ധനക്കമ്മി നേരിടുന്ന ഗ്രാമ പഞ്ചായത്ത് വിവിധ വരവ് ഇനങ്ങളിലുള്ള കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ആക്ട് ആന്റ് റൂൾസ് അനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളുന്നില്ല. ഈ സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴും പഞ്ചായത്ത് ജനസൗഹാർദ്ദവും മികച്ച പ്രവർത്തനവും കാഴ്ചവെക്കുന്നുണ്ട്. വിശദവിവരം ഖണ്ഡിക 1-13-ൽ പ്രതിപാദിച്ചിട്ടുണ്ട്.

നടപ്പിലാക്കിയിട്ടില്ലാത്ത കമ്മിറ്റി തീരുമാനങ്ങൾ

ചുവടെ ചേർത്തിരിക്കുന്ന കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1) 7.11.17 ലെ 5

ഗ്രാമപഞ്ചായത്തിലെ ഉപയോഗയോഗ്യമല്ലാത്ത അലമാര,റാക്ക്, കസേരകൾ, കമ്പ്യൂട്ടർ സാമഗ്രികൾ, പയസ് മൗണ്ട് എൽ.പി സ്കൂളിലെ പഴയ ഓടുകൾ, പട്ടിക എന്നിവ ലേലം ചെയ്യാൻ തീരുമാനിച്ചു.

2) 2.5.17 ലെ 6

വിവിധ അംഗനവാടികളിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന സാധനങ്ങൾ നിയമപ്രകാരം തരംതിരിച്ച് ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

3) 12.2.18 ലെ 13

ഏഴാം വാർഡിൽ ഊരുകൂട്ടം ഹാൾ പണിയുന്നതിന് എൻ.ജെ ഐസക് , നെടിയവാലക്കൽ എന്ന വ്യക്തി 5 സെന്റ് സ്ഥലം വിട്ടുതരുകയും അതിന്റെ സറണ്ടർ ഫോം പഞ്ചായത്തിൽ നൽകുകയും ചെയ്തു.ടി സ്ഥലം പോക്ക് വരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

4) 12.3.18 ലെ 13, 31.3.18 ലെ 8

ചാലമറ്റം അംഗനവാടിക്ക് സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണെന്ന ലൗലി മഹിളാസമാജം പ്രസിഡന്റായ സരോജിനി കിഴകൊമ്പിന്റെയും സെക്രട്ടറിയായ മത്തിപ്പറമ്പിൽ വർക്കിയുടെ ഭാര്യയായ അന്നമ്മയുടെയും കത്ത് കമ്മറ്റി പരിഗണിച്ചു. ടി സ്ഥലം പോക്ക് വരവ് ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

6) 16.8.17 ലെ 4

താൽക്കാലിക ജീവനക്കാരിയായി അശ്വതി വിജയൻ എന്നയാളെ നിയമിച്ചപ്പോൾ വേതനമിനത്തിൽ അധികതുക നൽകിയതു സംബന്ധിച്ച് പരിശോധിക്കാൻ കമ്മറ്റി തീരുമാനിച്ചു. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 6.7.17 ലെ തീരുമാനം അശ്വതി വിജയൻ 78 ദിവസം ജോലി ചെയ്തത് പുനപരിശോധിക്കണമെന്നതാണ്.

മേൽ കമ്മറ്റിത്തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18,19 മെയ്-2018 | 01.03.18 മുതൽ 30.04.2018 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.5.18 മുതൽ 18.05.18 വരെ | 2013-14 മുതൽ 2017-18 വരെ |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബി 4 ഷെഡ്യൂളിൽ വിവിധ ഏജൻസികളിൽ നിന്നും ലഭിച്ചതിൽ നീക്കിയിരിപ്പുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചുവരുന്നില്ല.

2. ബി7 -ഷെഡ്യൂളിൽ ബിഡ്ഡേഴ്സ് ഇ.എം.ഡി ,സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ,അദർ ഡെപ്പോസിറ്റ് , ഓഡിറ്റോറിയത്തിന്റെ ഡെപ്പോസിറ്റ് തുക എന്നിവയുടെ മുന്നിരിപ്പിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

3.ബി7-ഷെഡ്യൂളിൽ ഇ.എം.ഡി. സപ്ലയേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് റീടെൻഷൻ, ലേലം ഡെപ്പോസിറ്റ്, മറ്റു നിക്ഷേപങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല.

4.ബി 11-ഷെഡ്യൂൾ പ്രകാരം ബിൽഡിംഗ്, റോഡുകളും പാലങ്ങളും വാട്ടർവേയേഴ്സ്, വൈദ്യുതീകരണം എന്നിവയ്ക്ക് തൻവർഷം ഡിപ്രീസിയേഷൻ നൽകിയിട്ടില്ല. ഡിപ്രീസിയേഷൻ നൽകിയ ഇനങ്ങളിൽ ആയത് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ ഷെഡ്യൂൾ 1-17 എ യിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.ബി12 ൽ 6000 രൂപ സ്ഥിര നിക്ഷേപം ഉള്ളതായി ചേർത്തിട്ടുണ്ട്.എന്നാൽ സ്ഥിര നിക്ഷേപ രസീത് , രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6.എൻ.ആർ.ഇ.ജി.എസ് വാർഷിക ധനകാര്യപത്രിക പ്രകാരം ആകെ ക്യാഷ് വരവ് 529061 രൂപയാണ്. എന്നാൽ എൻ.ആർ.ഇ.ജി.എസ് ക്യാഷ്ബുക്കിൽ ക്യാഷ് വരവ് 549100 രൂപയാണ്.

7.ആർ.പി-40(എ),ആർ.പി-40(ബി)എന്നിവയിൽ ട്രഷറിഓൺ ഫണ്ട് വരവ് വി.പി.എഫ്.എ 1-2 ,ട്രഷറി ഓൺ ഫണ്ട് 1-3 എന്നിവയിൽ യഥാക്രമം 992 രൂപ , 3579 രൂപ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്ബുക്ക് , പൊരുത്തൽപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമാക്കിയിട്ടില്ല.

8.വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക വരവ്, തൻവർഷ വരവ് എന്നീ ഇനങ്ങളിൽ വാർഷിക കണക്കിലെ തുകയും സഞ്ചയ സോഫ്റ്റ്വെയറിലെ ഡി.സി.ബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9.ട്രേഡേഴ്സ് തൊഴിൽ നികുതി ഡി ആന്റ് ഒ ലൈസൻസ് ഫീ ഇനങ്ങളിലെ ഡിമാന്റ് തുക വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

10.ആർ.പി 16 ഷെഡ്യൂളിൽ അങ്കണവാടി ന്യൂട്രീഷ്യൻ എന്ന ശീർഷകത്തിൽ 700,000/-രൂപ സേവന മേഖലയിൽ ചെലവുള്ളതായി ചേർത്തിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ1-4 ഷെഡ്യൂളിൽ ഉൽപാദന മേഖലയിൽആണ് ഈ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നത്.

11.ആസ്തികൾ സചിത്രയിൽ അക്കൗണ്ട് ചെയ്ത് സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

12.എം.എസ്.സി.ബി ഓൺ ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയതും കാലഹരണപ്പെട്ടതുമായ ചെക്കുകൾ 31.03.2018 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ അൺ ക്യാഷ്ഡ് ചെക്കായി കാണിച്ചിരിക്കുന്നു. ആയത് ലൈബലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

13. തൻവർഷം നിരവധി തുകകൾ ഇലക്ട്രിസിറ്റി ബോർഡിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല (ഖണ്ഡിക 3-8 കാണുക).

## 1-13 ഗ്രാമ പഞ്ചായത്തിന്റെ മികവ് ഒറ്റനോട്ടത്തിൽ

മേലുകാവ് ഗ്രമപഞ്ചായത്തിന് ജില്ലാ തലത്തിലുംസംസ്ഥാന തലത്തിലും രണ്ട് അവാർഡുകൾ 2017-18 സാമ്പത്തിക വർഷം ലഭിക്കുകയുണ്ടായി.മഹാത്മാ ഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം, കോട്ടയം ജില്ലയിലെ മികച്ച പ്രവർത്തനത്തിനുള്ള രണ്ടാം സ്ഥാനം മേലുകാവ് ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കി.2018 ഫെബ്രുവരി മാസത്തിൽ പെരിന്തൽമണ്ണയിൽ വെച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷത്തിൽ പുരസ്കാരം ഏറ്റുവാങ്ങി.

കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മികച്ച പദ്ധതി നിർവ്വഹണത്തിന് ഏർപ്പെടുത്തിയ 2017-18 വർഷത്തെ പുരസ്കാരത്തിന് ഈ ഗ്രമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജെയിംസ് ജോർജ് (റിട്ട)ഓവർസീയർമാരായ ശ്രീ.ജയപ്രകാശ്.ആർ,ശ്രീമതി.സോണിയജോൺ എന്നിവർ അർഹരായി.

2017-18 വർഷം MGNREGS പദ്ധതിയിൽ 4 പേർ 150 ദിവസത്തേയും 25 പേർ 100 ദിവസത്തേയും പണിപൂർത്തിയാക്കിയിട്ടുണ്ട്

മേലുകാവ് ഗ്രമപഞ്ചായത്തിൽ ഹരിത പ്രോട്ടോകോൾ നടപ്പാക്കിയിട്ടുണ്ട്.ഓഫീസിലെ ദൈനം ദിന പ്രവർത്തനങ്ങളിലും പൊതു ചടങ്ങുകളിലും പ്ലാസ്റ്റിക്,ഫ്ലക്സ്,ബാനർ,ബോർഡുകൾ,ഡിസ്പോസിബിൾ ഗ്ലാസ്സുകൾ,പ്ലയിറ്റുകൾ എന്നിവയുടെ ഉപയോഗം ഒഴിവാക്കിയിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനായി സ്റ്റീൽ ഗ്ലാസ്സുകൾ വാങ്ങിയിട്ടുണ്ട്. പ്ലാസ്റ്റിക് കുടിവെള്ളം പരമാവധി ഒഴിവാക്കുന്നതിനായി പൊതുജനങ്ങൾക്കായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചുപയോഗിച്ചുവരുന്നു. 96 ശതമാനം ചെലവും കെട്ടിട നികുതി പിരിവിനത്തിൽ

86 ശതമാനവും കൈവരിക്കുവാനും സാധിച്ചു.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കിയതിലൂടെ മേലുകാവ് ഗ്രാമപഞ്ചാ യത്ത് ഐ.എസ്.ഒ9001: 2015 ആയി പ്രഖ്യാപിക്കുകയുണ്ടായി.കൂടുതൽ ഗുണമേന്മയുള്ള സേവനം, കൃത്യസമയത്ത് കാര്യക്ഷമമായി നൽകുന്നതിന് ഇതുവഴി സാധിക്കുന്നുണ്ട്. പൊതുജനങ്ങൾക്കുള്ള ഇരിപ്പിടം, ടെലിവിഷൻ ,ഇൻഫർമേഷൻ ബോർഡുകൾ, ജനസൗഹൃദ ഫ്രണ്ട് ഓഫീസ് സംവിധാനം, പരാതിപ്പെട്ടി, പൊതുജനങ്ങൾക്കുള്ള ശൗചാലയം, ഭിന്നശേഷിയുള്ളവർക്ക് റാമ്പ്,

മുലയൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് റൂം എന്നിവ ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ രേഖകളും ഫയലുകളും റെക്കോർഡ് മാനേജ്മെന്റ് സംവിധാനത്തിലൂടെ അടുക്കി രേഖപ്പെടുത്തൽ നടത്തി റെക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അപേക്ഷ തയ്യാറാക്കുന്നതിനായി പേപ്പർ, പേന, പശ എന്നിവയും ഫ്രണ്ട് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയ പ്രകാരവുമുള്ള തൻവർഷ വസ്തുനികുതിയുടെയും കുടിശിക വസ്തുനികുതിയുടെയും ഡിമാന്റ്,കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ താഴെ ചേർക്കുംപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.(തൻവർഷ ഡിമാന്റ് ഒഴികെ)

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ | സഞ്ചയ | സാംഖ്യ |
| വസ്തുനികുതി (തൻവർഷം) | 1714371 | 1714371 | 1372126 | 1305262 | 265875 | 295421 |
| വസ്തുനികുതി (കുടിശിക) | 1518306 | 1367142 | 1319433 | 1100773 | 240464 | 419771 |

അപാകതകൾ പരിഹരിച്ച് യഥാർത്ഥ കുടിശിക കണക്കാക്കി ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ്

ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പ്രത്യേകിച്ച്, ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കും നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്ന സംഗതികളിൽ തുടർ നിരീക്ഷണം അനുപേക്ഷണീയമാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ,നിർമ്മാണ പൂർത്തീകരണം ,ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 അപാർട്ട്മെന്റുകളുടെ വസ്തു നികുതി - ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിക്കണം

06.12.2010 തീയതിയിലെ പെർമിറ്റ് നം.ബി1-6006/10 ,23.07.2011 തീയതിയിലെ പെർമിറ്റ് നം.എ 3-1618/11 എന്നിവ പ്രകാരം ശ്രീ എ ബി ഈപ്പൻ & ജോബി ഈപ്പന് പെർമിറ്റ് നൽകിയിരുന്നത് Commercial cum Residential building ന്റെ നിർമ്മാണത്തിനാണ്. ബഹു.കേരള ഹൈക്കോടതിയുടെ 19.6.2015 ലെ WPC.6009/15നം.കേസിലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് മൂന്ന് നിലകളിലുള്ള 12 അപാർട്ട്മെന്റുകൾക്ക് IX/238A മുതൽ IX/238 Lവരെയുള്ള നമ്പരുകൾ നൽകി. 25.7.2015 ൽ ഗ്രാമപഞ്ചായത്ത് ടി അപാർട്ട്മെന്റുകൾക്ക് സ്പെഷൽ റെസിഡൻസ്/ലോഡ്ജുകൾക്ക് ബാധകമായ ₹40/-നിരക്കിലുള്ള നികുതി നിർണ്ണയിച്ച് ഈടാക്കിയതിനെ തുടർന്ന് കെട്ടിട ഉടമകൾ 27.5.2017 ൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ ₹ 7/-നിരക്കിൽ നികുതി പുനർനിർണ്ണയിക്കണമെന്നും അധികമായി ഈടാക്കിയ തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകി. "കെട്ടിടത്തിലെ 3 യൂണിറ്റുകൾ തങ്ങൾക്ക് താമസിക്കുവാൻ വേണ്ടിയുള്ളതും , ബാക്കിയുള്ള 9 യൂണിറ്റുകൾ വാടകയ്ക്ക് നൽകുവാനുള്ളതാണ്" എന്നും അപേക്ഷയിൽ പറഞ്ഞിട്ടുണ്ട്. വിജ്ഞാപനപ്രകാരം ലോഡ്ജിന്റെ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് സ്ക്വയർ മീറ്ററിന് ₹40/-യാണ് നിരക്കെന്നും ആയതിനാൽ നികുതി കുറവ് ചെയ്യുവാൻ സാധിക്കില്ല എന്നും 05.07.2015 ൽ സെക്രട്ടറി അപേക്ഷകന് മറുപടി നൽകി. തുടർന്ന് അപേക്ഷകൻ ബഹു.കേരള ഹൈക്കോടതിയിൽ WPC.34154/15നമ്പരായി കേസ് ഫയൽ ചെയ്യുതിന്മേൽ 23.6.17 ൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത വിധിയിൽ ബഹു.ഹൈക്കോടതി "in my view,the apartments that are let out on monthly basis for rent,for occupancy by persons who take the apartments on rent,would be in the nature of a temporary occupancy which would qualify for assessment alongwith convention centres,auditoriums,cinema theatres,kalyana mandapams in the category of Lodges under the notification " എന്ന് അഭിപ്രായപ്പെട്ടതിന് ശേഷമാണ് നേരിട്ട് പരിശോധിച്ച് ഓരോ അപാർട്ട്മെന്റിന്റെയും ഉപയോഗക്രമം നിശ്ചയിച്ച് അതിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളത് എന്ന് കാണുന്നു.

എന്നാൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.8.2017 ലെ ബി-2/2313/17 നം.നടപടിക്രമം പ്രകാരം നേരിട്ടുള്ള അന്വേഷണത്തിൽ ടി കെട്ടിടങ്ങൾ ഗ്രൂപ്പ് എ2 ഗണത്തിലെ ലോഡ്ജിൽ ഉൾപ്പെട്ടതല്ലായെന്നും എ1ഗ്രൂപ്പിലെ പാർപ്പിടാവശ്യ ത്തിനുള്ളതാണ് എന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും ഉപയോഗക്രമം അതനുസരിച്ച് മാറ്റം വരുത്തിയും ഉത്തരവായിട്ടുണ്ട്. എന്നാൽ,ഉത്തരവിന്റെ ഭാഗമായ പട്ടികയിൽ 9/238 D നം.കെട്ടിടം മാത്രം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തി നികുതി

നിർണ്ണയിച്ചതായും കാണുന്നു.

29.8.2017 ലെ നടപടിയിൽ ഒന്നാമത്തെ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6) അന്നത്തെ സെക്രട്ടറി നൽകിയ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകളിലുള്ള മുറികൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ നിലകളിലെ അപാർട്ട്മെന്റുകളുടെ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതെന്നും അവയുടെ ഉപയോഗക്രമം മാറുന്നതിനനുസരിച്ച് (വാടകയ്ക്ക് നൽകുന്ന മുറയ്ക്ക്) വസ്തുനികുതി പുനർനിർണ്ണയിക്കാവുന്നതാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. വാടകയ്ക്ക് നൽകുന്ന മുറികളുടെ കാര്യത്തിൽ ഇപ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഇൻഡസ് മൊബൈൽ ടവ്വർ-നിർമ്മാണം ക്രമവത്കരണം, നികുതി നിർണ്ണയം എന്നിവ സംബന്ധിച്ച്

ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് കമ്പനി, മേലുകാവ്മറ്റത്ത് നിർമ്മിച്ചിട്ടുള്ള ടവ്വറിന്റെ റഗുലറൈസേഷനായി 29.10.2015 ൽ സമർപ്പിച്ച അപേക്ഷയിൽ ഇതേവരെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. സെക്യൂരിറ്റി റൂം, BTS റൂം എന്നിവ റോഡിൽനിന്നും മതിയായ അകലം പാലിക്കാതെയാണ് പണിതിരിക്കുന്നത് എന്നുള്ള അസി.എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടവ്വറിന് നമ്പർ അനുവദിക്കുവാൻ സാധിക്കുകയില്ല എന്ന് 24.11.2015 ൽ ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡിനെ അറിയിച്ചിട്ടുള്ളതായി കാണുന്നു. സെക്യൂരിറ്റി റൂം , BTS റൂം എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് കമ്പനിക്ക് നിർദേശം നൽകുന്നതിനുള്ള 14.03.2017 ലെ 13(1) നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തെ തുടർന്ന് 04.05.2017 ൽ സെക്യൂരിറ്റി റൂം, BTS റൂം എന്നിവ മാറ്റി സ്ഥാപിക്കുകയോ അല്ലെങ്കിൽ ടവ്വർ പൊളിച്ചുമാറ്റുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി കമ്പനിക്ക് കത്തയച്ചിട്ടുണ്ട്. ടവ്വർ കമ്പനി ഇതേവരെ മറുപടി നൽകുകയോ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് പഞ്ചായത്ത് തലത്തിൽ ക്രമവത്കരിക്കാവുന്നതെങ്കിൽ ക്രമവത്കരിക്കുകയോ അല്ലെങ്കിൽ സർക്കാർ തലത്തിൽ ക്രമവത്കരിക്കുകയോ, ചെയ്ത് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം അനധികൃത നിർമ്മാണങ്ങളുടെ സംഗതിയിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235W, 235 എ എ (i),(ii),(iii),(iv), 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20(1),20(2),20(3) എന്നിവ പ്രകാരം അനുവർത്തിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി.ആന്റ് ഒ ലൈസൻസ് -എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല.

മേലുകാവ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഡി.ആന്റ് ഒ ലൈസൻസ് രജിസ്റ്റർ, ട്രെഡേഴ്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2017-18 സാമ്പത്തിക വർഷം ആകെ ലൈസൻസ് അനുവദിച്ചത് 160 സ്ഥാപനങ്ങൾക്കാണ്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ ആകെ 172 സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിച്ചു വരുന്നുണ്ട്. അതുപോലെ തന്നെ, ഉപയോഗക്രമം ഷെഡ്യൂകളായി നികുതി നിർണ്ണയിച്ചിട്ടുള്ള 34 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയിൽ ഭൂരിഭാഗവും പോൾട്രി ഫാമുകളായാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 2 പോൾട്രി ഫാമുകൾ മാത്രമാണ് ലൈസൻസോടെ പ്രവർത്തിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-6 കള്ളുഷാപ്പുകൾ കാലങ്ങളായി അനധികൃതമായി പ്രവർത്തിക്കുന്നു.

മേലുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ ആറോളം കള്ളു ഷാപ്പുകൾ വർഷങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി ഇവയുടെ പ്രവർത്തനം നിയമാനുസൃതമാക്കുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ, ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും കാലങ്ങളായി ഈടാക്കുന്നില്ല. ഇവ ഈടാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-7 കളക്ഷൻ തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം

ഫ്രണ്ട് ഓഫീസിലെ പ്രിന്റർ പ്രവർത്തനരഹിതമായതിനാൽ 30.05.2018, 31.5.2018, 01.6.2018 തീയതികളിൽ രസീത് ബുക്ക് മുഖേന പിരിച്ചെടുത്ത തുകകൾ 22.6.2018 ലാണ് ബാങ്ക് അക്കൗണ്ടിൽ ഒടുക്കിട്ടുള്ളത്. സാംഖ്യയുടെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കാത്തതിനാൽ ടി ദിവസങ്ങളിലെ കളക്ഷൻ തുക ഇന്ററപ്റ്റ്ട് ആയി സാംഖ്യയിൽ രേഖപ്പെടുത്തുന്നതിന് സാധിക്കുന്നില്ല എന്നതിനാൽ കളക്ഷൻ തുക ബാങ്കിൽ ഒടുക്കുവാൻ സാധിച്ചിട്ടില്ല എന്നും സാംഖ്യയുടെ അപാകത ഐ.കെ.എം പരിഹരിച്ച് നൽകുന്ന മുറയ്ക്ക് ഇന്ററപ്റ്റ്ട് ആയി സാംഖ്യയിൽ രേഖപ്പെടുത്തിയതിന് ശേഷം ബാങ്കിൽ അടവാക്കുന്നതിനും സെക്രട്ടറിയുടെ 05.06.2018 തീയതിയിലെ എ3-1641/2018 നം. നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ നടപടി 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 നും കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ക്യാഷ്, ചെക്ക് , മണിഓർഡർ, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ ലഭിക്കുന്ന തുകകൾ 500/-രൂപയിൽ അധികരിച്ചാൽ അന്നേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ ഒടുക്കേണ്ടതാണ് എന്ന് ചട്ടം 23 നിഷ്കർഷിക്കുന്നു. പിരിച്ചെടുത്ത തുകകൾ സമയബന്ധിതമായി അടവാക്കേണ്ടിയിരുന്നതും സാംഖ്യയുടെ പ്രവർത്തനം ശരിയാകുന്ന മുറയ്ക്ക് തുക ബാങ്ക് അക്കൗണ്ടിൽ അടവാക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. താൽക്കാലിക പണാപഹരണത്തിന്റെ പരിധിയിൽ വരുന്ന ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ - ഫയൽ സൂക്ഷിപ്പിൽ അപാകത

മേലുകാവ് ഗ്രാമപഞ്ചായത്തിൽ 17-18 വർഷം നിർവ്വഹണം നടത്തുന്നതിനായി ഏൽപ്പിച്ചുനൽകിയ 54 പദ്ധതികളിൽ 51 പദ്ധതികൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ളത്. നിർവ്വഹണത്തിലും ഫയലുകളുടെ സൂക്ഷിപ്പിലും ഗൗരവതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു. അവ താഴെപ്രതിപാദിക്കുന്നു.

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 51 മരാമത്ത് പദ്ധതികളിൽ 48 എണ്ണത്തിലും അളവുപുസ്തകം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഒന്നിനുപോലും എം ബുക്ക് നമ്പർ ചേർത്തിട്ടില്ല.
2. ടെണ്ടർ ക്ഷണിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ 40% വരെ ടെണ്ടർ കുറവിൽ പ്രവൃത്തികൾ നിർവ്വഹണത്തിനായി കരാർ ചമച്ച് നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ 10% ടെണ്ടർ കുറവിൽ അധികരിച്ചിട്ടുള്ള തുകയ്ക്ക് പെർഫോമൻസ് ഗ്യാരന്റി ചമയ്ക്കണം എന്ന നിഷ്കർഷ പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.(1) അരീക്കൽ തോട് എസ്പി സങ്കേതം നടപ്പാത (പ്രോജക്ട് നം.എസ് 0086/18) അടങ്കൽ 218865 രൂപ ഏറ്റവും കുറഞ്ഞ ടെണ്ടർ തുക 1,29,236(59%) കോൺട്രാക്ടർ ഡെന്നി ജോർജ് എഗ്രിമെന്റ് നമ്പർ 20/AE/LSGD/MLKD തീയതി 29.01.18(2) കിഴക്കേമറ്റം കാരിക്കൽ കോളനി റോഡ് (പ്രോജക്ട് നം.എസ് 0020/18) അടങ്കൽ 4,54,139 രൂപ ഏറ്റവും കുറഞ്ഞ ടെണ്ടർ തുക 2,70,196(59%) കോൺട്രാക്ടർ ഷാജി മാത്യു

3. പി.ഡബ്ല്യു.ഡി. മാനവൽ 2, 9, 10, 11 എന്നീ ഖണ്ഡികകളിൽ അളവുപുസ്തകം എപ്രകാരം തയ്യാറാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. ഖണ്ഡിക 2 ബി പ്രകാരം തിരുത്തലുകളും പുറം എഴുത്തുകളും പൂർണ്ണമായി വിലക്കിയിട്ടുണ്ട്. തെറ്റുകൾ സംഭവിച്ചാൽ ചുവപ്പുമഷി കൊണ്ട് തെറ്റായ ഭാഗം അസാധുവാക്കി കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഈ ഭാഗത്ത് കോൺട്രാക്ടറുടെ ഒപ്പ് ചേർക്കണം. എന്നാൽ എൽ.എസ്.ജി.വിഭാഗം എം ബുക്ക് എഴുത്തിൽ തികഞ്ഞ അശ്രദ്ധയും നിർദ്ദേശങ്ങളുടെ ലംഘനവുമാണ് പുലർത്തുന്നത്. ഉദാഹരണത്തിന് മനക്കച്ചാലിൽ ഇടാട്ടുകുന്ന് റോഡ് പ്രോജക്ട് നം.എസ്0089/18 പ്രവൃത്തിയുടെ (കരാർ നം.17/AE/LSGD/MLKV/17-18 dated 14.09.17)അളവുപുസ്തകം 4-ാം പേജ് സാക്ഷ്യപ്പെടുത്താതെ അലക്ഷ്യമായി തിരുത്തി വികൃതമാക്കിയിരിക്കുന്നു.

4.. എം ബുക്കിലെ രേഖപ്പെടുത്തലുകൾ അവധാനതയില്ലാതെ രേഖപ്പെടുത്തിയിട്ടുള്ളത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന് പയസ്മൗണ്ട് പൂത്തേട്ട് ഭാഗം റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം.എസ്0137/18 അളവുപുസ്തകത്തിൽ പേജ് 1 മുതൽ 3 വരെ അളവുവിവരവും പേജ് 4 മുതൽ 5 വരെ ബിൽ ഭാഗവുമാണ്. ഇതിൽ പേജ് 2ൽ 24.03.18ൽ ഇനം 2ന്റെ സ്പെസിഫിക്കേഷൻ "Providing M10(1:3:6)for road" എന്നാണ്. എന്നാൽ ബിൽ കോപ്പിയിൽ ഇനം 2"CC1:4:8 for road" എന്നാണ്.

5. ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, Observed data യുടെ വിശദവിവരം, മോണിറ്ററിംഗ് റിപ്പോർട്ട്, ടെണ്ടർ വിവരം, കരാറുകാരുടെ വിശകലനപത്രം ഉടങ്ങി അവശ്യവിവരങ്ങൾ ചേർത്തിട്ടില്ല.

ഭാവിയിൽ മേൽ അപാകതകൾ ഉണ്ടാവാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ബാരൽവില ഈടാക്കിയില്ല

താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ ആവശ്യത്തിലേയ്ക്കായി ഉപയോഗിച്ച ബിറ്റുമിന്റെ ശൂന്യബാരൽവില ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | കോൺട്രാക്ടർ | അടങ്കൽ | വേലമൂല്യം | എം ബുക്ക് നം., കരാർ നം. | ഉപയോഗിച്ച ബിറ്റുമിൻ (എം ബുക്ക് നം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ തുക | അധിക മൂല്യം |
|---|---|---|---|---|---|---|---|---|---|---|
| മടക്കിൽ കവല-കല്ലുവെട്ടം റോഡ് | എസ് 0489/18 | ഇ.എം.മധു | 2,84,600 (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 2,54,546 | ഇല്ല 03/AE/ LSGD/ MLKD 2017-18/ 20.12.17 | 21.5(3) 200(6) 1288(7) 573(8) ---------- 2082.5 കി.ഗ്രാം | 14 | 3332+ GST- 448 ആകെ 3780 | ഇല്ല | 3,780 |
| തെക്കുംഭാഗം റോഡ് റീടാറിംഗ് | എസ് 0095/18 | ജോമി മാത്യു | 2,22,300 മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2,01,784 | ഇല്ല 12/AE/ LSGD/ MLKD 2017-18/ | 92(2) 169(4) 1095(5) 488(6) -------- | 12 | 2856+ GST- 384 ആകെ 3240 | ഇല്ല | 3,240 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | 13.07.17 | 1844 കി.ഗ്രാം | | | | | |
| പൈകട പീടിക രണ്ടാംമ്മട്ട മുറി റോഡ് | എസ് 0088/18 | ജോമി മാത്യു | 2,22,300 മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2,01,340 | ഇല്ല 14/AE/ LSGD/ MLKD 2017-18/ 13.05.17 | 315(3) 135(4) 858(5) 380(6) -------- 1688 കി.ഗ്രാം | 11 | 2618+ GST-352 ആകെ 2970 | ഇല്ല | 2970 |
| മേലുകാവുമറ്റം പടിക്കാവ് റോഡ് | എസ് 0092/18 | ഇ.എം.മാത്യു | 6,63,800 | 4,87,966 | ഇല്ല 23/AE/ LSGD/ MLKD 2017-18/ 27.11.17 | 180(3) 176(5) 1143(6) ------- 1499 കി.ഗ്രാം | 10 | 2380+ 320- GST ആകെ 2700 | ഇല്ല | 2700 |
| ആകെ | | | | | | | | | | 12,690 |

മേൽ പ്രതിപാദിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വടക്കുമേട് കുടിവെള്ള പദ്ധതി - സ്ഥലം പഞ്ചായത്തിന്റെ പേരിൽക്കൂട്ടി പോക്കുവരവ് നടത്താൻ നടപടികൾ സ്വീകരിക്കണം

മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2-ാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കാണ് പ്രസ്തുത പദ്ധതി (പ്രോജക്ട് നം.എസ്0101/18) വിഭാവനം ചെയ്തിരുന്നത്. 1,05,000/- രൂപ അടങ്കലിൽ 84800/- രൂപ ചെലവിട്ട പദ്ധതിയ്ക്കായി 2.5 മീറ്റർ സമചതുരത്തിൽ തറ കെട്ടി 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി സ്ഥാപിച്ചിരിക്കുന്ന സ്ഥലം ജോർജ്കുട്ടി എ.ജെ., അടിച്ചിതൊട്ടിയിൽ, മേലുകാവ് എന്ന വ്യക്തിയിൽ നിന്നും ഫോറം നം.3 ൽ ലഭിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടു. എന്നാൽ, ടി വസ്തു റവന്യു നിയമപ്രകാരം പഞ്ചായത്തിന്റെ പേരിൽക്കൂട്ടി പോക്കുവരവ് നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വക്കീൽഫീസ് നൽകൽ - കേസിന്റെ തുടർ നടപടികൾ വീക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ എസ്.ടി. ഫണ്ട് വകമാറ്റിയതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WP(C) 1589/10, WP(C) 18527/10, WP(C) 29963/10 എന്നീ കേസുകൾ നിലവിലുണ്ട്. ടി കേസുകളിൽ ഹാജരായതിന് വക്കീൽഫീസിനത്തിൽ അഡ്വക്കേറ്റ് പയസ്.കെ. നെടുങ്ങാടിന് 10000/- രൂപ നൽകാൻ 7.11.17 ൽ ചേർന്ന കമ്മറ്റി തീരുമാനിക്കുകയും ചെയ്തു (6-ാം നമ്പർ തീരുമാനം). വൗച്ചർ നമ്പർ 21700454/19.12.17 പ്രകാരം വക്കീൽഫീസ് നൽകുകയും ചെയ്തു. മേലുകാവ് ഗ്രാമപഞ്ചായത്തിൽ 23.5.18 ൽ പെർഫോമൻസ് ഓഡിറ്റ് ടീം നടത്തിയ അന്വേഷണത്തിൽ ക്രമക്കേട് കണ്ടതിനെ തുടർന്ന് ഭരണസമിതിയംഗങ്ങൾ, സെക്രട്ടറി, എഞ്ചിനീയർമാർ എന്നിവർക്കെതിരെ ബാദ്ധ്യത നിശ്ചയിച്ച് നൽകിയിരുന്നു. അതിനെതിരെ മെമ്പർമാരായ അലക്സ് .റ്റി. ജോസഫ്, ജെറ്റോ ജോസ് എന്നിവരും

എഞ്ചിനീയറായിരുന്ന സൗമ്യയും ഫയൽ ചെയ്ത കേസുകളാണ് മേൽ സൂചിപ്പിച്ചത്. 2010 ൽ ആരംഭിച്ച കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമല്ല. അത് സംബന്ധിച്ച് സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച എച്ച് 2 156/08 തീയതി 4.8.17 നമ്പർ കത്തിൽ കേസിന്റെ നടത്തിപ്പ് ശരിയായ രീതിയിലല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 29.9.10 ന ശേഷം കേസിൽ പുരോഗതിയുണ്ടായിട്ടില്ല. ഇത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. 2010 ൽ ആരംഭിച്ച കേസിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ ഈ ഇനത്തിലുള്ള 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പാലിയേറ്റീവ് പരിപാലന പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി പാലിയേറ്റീവ് പരിചരണത്തിനായി മരുന്നുകൾ വാങ്ങുന്നതിനായി ആകെ 76888/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആകെ 46888/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനമാണ് മരുന്നുകൾ ലഭ്യമാക്കാനുള്ളത്. ആകെ 30000/- രൂപയുടെ മരുന്നുകൾ ടി സ്ഥാപനം ലഭ്യമാക്കാനുണ്ട് . ആയത് ലഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | ബിൽ നമ്പർ/തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 36/18 കുരിശുമ്കൽ ചെമ്മല റൂട്ടിൽ ലൈൻ സ്ഥാപിക്കൽ | സെക്രട്ടറി | 149117 വികസനഫണ്ട് | 11/18 12.10.17 എ.എക്സ്.ഇ , ഇലക്ട്രിക്കൽ സെക്ഷൻ രാമപുരം |
| 2 | 117/18 അഞ്ചാം വാർഡിൽ പുതിയ ലൈൻ സ്ഥാപിക്കൽ | സെക്രട്ടറി | 153666വികസനഫണ്ട് | 17/18 6.1.18 എ..ഇ , ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട |
| 3 | 14/18 കാഞ്ഞിരം കവല- പാണ്ടിയൻമാവ് റൂട്ടിൽ പുതിയ ലൈൻ | സെക്രട്ടറി | 153961 വികസനഫണ്ട് | 12/18 24.10.17 എ.ഇ. ഇലക്ട്രിക്കൽ സെക്ഷൻ മൂലമറ്റം |
| 4 | 39/18 ഇലവീഴാപൂഞ്ചിറ സ്ട്രീറ്റ് ലൈൻ | സെക്രട്ടറി | 151300വികസനഫണ്ട് | 86/18 9.1.18 എ.ഇ.,ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട |
| 5 | 7/18 എസ്.എസ്.എ ജനറൽ | ഹെഡ്മിസ്ട്രസ്സ് | 200000 വികസനഫണ്ട് | 2/18 18.7.17 പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ |

| | | | | |
|---|---|---|---|---|
| | | | | കോട്ടയം |
| 6 | 9/18 എസ്.എസ്.എ എസ്.സി.പി | ഹെഡ്മിസ്ട്രസ്സ് | 200000 വികസനഫണ്ട് | 1/18 18.7.17 പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ കോട്ടയം |
| 7 | 8/18 എസ്.എസ്.എ റ്റി.എസ്.പി | ഹെഡ്മിസ്ട്രസ്സ് | 100000 വികസനഫണ്ട് | /18 18.7.17 പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ കോട്ടയം |
| 8 | 108/18 മേലുകാവുമറ്റം ലക്ഷംവീട് കുടിവെള്ളപദ്ധതി മെയിന്റനൻസ് | അസി.എഞ്ചിനീയർ | 308000 വികസനഫണ്ട് | 93/18 17.1.18 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം |
| | | ആകെ | 1416044 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 1416044 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അഡ്വാൻസ് നൽകിയത്-തിരികെ ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | 01.04.17ൽ തിരികെ ലഭിക്കുവാൻ ബാക്കി നിൽക്കുന്ന തുക | 2017-18 സാമ്പത്തിക വർഷം മുൻകൂർ നൽകിയത് | ആകെ | 2017-18 സാമ്പത്തിക വർഷം തിരികെ ലഭിച്ച തുക | ബാക്കി |
|---|---|---|---|---|---|
| സാക്ഷരതാ പ്രേരകിന് ഹോണറേറിയം | 71600 | ഇല്ല | 71600 | 68500 | 3100 |
| ഫോട്ടോസ്റ്റാറ്റ് എ.എം.സി | ഇല്ല | 18336 | 18336 | ഇല്ല | 18336 |
| അഡ്വാൻസ് ഹോണറേറിയം | ഇല്ല | 70750 | 70750 | 49000 | 21750 |
| ആകെ | 71600 | 89086 | 160686 | 117500 | 43186 |

മുൻകൂറുകൾ നൽകിയ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം ആകെ 43,186/- രൂപ ലഭിക്കുവാനുണ്ട്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-8 വൗച്ചറുകൾ ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ്

സംബന്ധിച്ച വൗച്ചറുകൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാത്തതിനാൽ 34,444/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ ഓഡിറ്റിൽ ഉടൻ ലഭ്യമാക്കാമെന്നാണ് പ്ലാൻ സെക്ഷൻ ഓഡിറ്റ് ബാച്ചിനെ അറിയിച്ചത്. ആയത് ലഭ്യമാകാത്തപക്ഷം രേഖകളില്ലെന്ന നിഗമനത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ചെലവുതുക ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 120/18 | ബയോഡൈവേഴ്സിറ്റി രജിസ്റ്റർ | 97246 | 6172/- രൂപയുടെ വൗച്ചറുകൾ ലഭ്യമായില്ല. |
| 74/18 | ISO സർട്ടിഫിക്കേഷൻ | 465722 | 28272/-രൂപയുടെ വൗച്ചറുകൾ ലഭ്യമായില്ല. |

## 3-9 ആശുപത്രി മാനേജിംഗ് കമ്മിറ്റി ഫണ്ടുകളുടെ ഓഡിറ്റ്

എൻ.ആർ.എച്ച്.എം ആയുർവേദ ഡിസ്പെൻസറി, സി.എച്ച്.സി ഇടമറുക് എന്നീ സ്ഥാപനങ്ങളിലെ എച്ച്.എം.സി ഫണ്ടിന്റെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് പരിശോധിച്ചിട്ടില്ല. ഗവ.ഹോമിയോ ഡിസ്പെൻസറി മാനേജിംഗ് കമ്മിറ്റി ഫണ്ടിന്റെ 2017-18വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയത് പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. വരവുചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് : 3794

വരവ് : 2625

ആകെ : 6419

ചെലവ് : 1165

നീക്കിയിരിപ്പ് : 5254

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീസ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | കാഞ്ഞിരകവല-പാണ്ടിയമാവ് റൂട്ടിൽ സ്ട്രീറ്റ്ലൈനിനു വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ | റ്റി.സി | ഇല്ല | 153961 |
| കെ.എസ്.ഇ.ബി | കുരിശ്ശിങ്കൽ-ചെമ്മല റൂട്ടിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | റ്റി.സി | ഇല്ല | 149117 |
| കെ.എസ്.ഇ.ബി | ഇലവീഴപ്പൂഞ്ചിറ റൂട്ടിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | റ്റി.സി | ഇല്ല | 151300 |
| കെ.എസ്.ഇ.ബി | 5-ം വാർഡിൽ സ്ട്രീറ്റ് ലൈനിനു വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ | റ്റി.സി | ഇല്ല | 153666 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മേലുകാവ്മറ്റം വീട് കുടിവെള്ള പദ്ധതി | റ്റി.സി | ഇല്ല | 308000 |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടവിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| ആകെ | 6000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,46,34,974 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,83,01,205 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,690 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,60,488 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | -- | 12,690 | ശ്രീ.ജെയിംസ് ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 10,000 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |
| 3-6 (1) | 1,49,117 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |
| 3-6(2) | 1,53,666 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |
| 3-6(3) | 1,53,961 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |
| 3-6(4) | 1,51,300 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |
| 3-6(5) | 2,00,000 | ശ്രീമതി സീന ജി.നായർ, ഹെഡ്മിസ്ട്രസ് |
| 3-6(6) | 2,00,000 | ശ്രീമതി സീന ജി.നായർ, ഹെഡ്മിസ്ട്രസ് |
| 3-6(7) | 1,00,000 | ശ്രീമതി സീന ജി.നായർ, ഹെഡ്മിസ്ട്രസ് |
| 3-6(8) | 3,08,000 | ശ്രീ.ജെയിംസ് ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 34,444 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജെയിംസ് ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മേലുകാവ് ഗ്രാമപഞ്ചായത്ത് | മടുക്കക്കുഴി വീട് പാദുവ പി.ഒ., കോട്ടയം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 92-93 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(1)/ 2018/01.03.2018 | 1 | |
| 94-95 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(2)/ 2018/01.03.2018 | 1 | |
| 97-98 | നം.എൽ.എഫ്.കെ.പി.2/757/അദാ./14(3) തീ.19.02.2015 | 5 | |
| 98-99 | നം.എൽ.എഫ്.കെ.പി.7/799/04/2.7.2004 | -- | |
| 99-2000 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(3)/ 2018/01.03.2018 | 2 | |
| 99-02 (പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/767/03/16.12.04/30.12.04 | -- | |
| 2000-01 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(4)/ 2018/01.03.2018 | 3 | |
| 2001-02 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(5)/ 2018/01.03.2018 | 2 | |
| 2002-03 ചെലവ് | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(6)/ 2018/01.03.2018 | 3 | |
| 2003-04 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(7)/ 2018/01.03.2018 | 3 | |
| 2005-06 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(8)/ 2018/01.03.2018 | 4 | |
| 06-07 | നം.എൽ.എഫ്.കെ.പി.2/1240/11, 01.12.11 | 20 | |
| 07-08 | നം.എൽ.എഫ്.കെ.പി2/270/13/09.09.13 | -- | |
| 08-09 | നം.എൽ.എഫ്.കെ.പി.2/271/13/09.09.13 | 15 | |
| 2009-10 | നം.എൽ.എഫ്.കെ.പി.2/272/13/07.05.14 | 10 | |

| | | | |
|---|---|---|---|
| 10-11, 11-12 | നം.എൽ.എഫ്.കെ.പി.2/1668/13/3.4.09 | 19 | |
| 12-13, 13-14 | നം.എൽ.എഫ്.കെ.പി/2/637/15/30.09.15/ 06.10.15 | 17 | |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി-14/1261/2017/20.10.17 | 12 | |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി14/1531/17/05.12.17 | 10 | |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി14/2026/17/23.02.18 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി.14/1819/2018 തീയതി :15.10.18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 04812564886

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം